**ഭരണഭാഷ-മാതൃഭാഷ**


**പോർക്കുളം ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 680542**
**GSTIN:32AAAGP1208E1Z0 ഫോൺ നമ്പർ : 0488-5222668**
**porkulamgpt@gmail.com**


**നമ്പർ: 6649691-2025** **തീയതി : 06-06-2026**

ലേല നോട്ടീസ്

പോർക്കുളം ഗ്രാമപഞ്ചായത്തിൽ അസ്സിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ 227/26 സി.വി.ശ്രീരാമൻ റോഡിൻറെ കിഴക്ക് വശം കാന നിർമ്മാണ പൂർത്തീകരണം –ഫേസ് 2 കൊങ്ങണൂർ അമ്പലം മുതൽ മണ്ടകത്തിങ്കൽ ഇടവഴി പാലം വരെ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ 13.9 M3 മണ്ണ് ( വാല്യുവേഷൻ-4918/-രൂപ)

പോർക്കുളം ഗ്രാമപഞ്ചായത്തിൽ അസ്സിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ CMLRRP ചിൽഡ്രൻസ് നഗർ റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണ് ( വാല്യുവേഷൻ 47380/- രൂപ)

പോർക്കുളം ഗ്രാമപഞ്ചായത്തിൽ അസ്സിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ CMLRRP മങ്ങാട് കോളനി പുളിഞ്ചോട് റോഡ് നവീകരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണ് (വാല്യുവേഷൻ 165064/-രൂപ)

പോർക്കുളം ഗ്രാമപഞ്ചായത്തിൽ അസ്സിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ 192/26 നേതാജി റോഡ് കാന നിർമ്മാണം വാർഡ് 2 മൾട്ടി ഇയർ എന്ന പ്രവർത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാന നിർമ്മിക്കുന്നതിന് കുഴിച്ചെടുത്ത മണ്ണ് (വാല്യുവേഷൻ 24456/- രൂപ)

മേൽ സൂചിപ്പിച്ച മണ്ണ് നീക്കം ചെയ്യുന്നതിനായി സെക്രട്ടറിയോ അദ്ധേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ 17/06/2026 തീയതി 2.30 പി.എം ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നിശ്ചിത സ്ഥലത്ത് കൃത്യമായ സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.ഓരോ ലേലത്തിന് മുൻപായി 1000/- രൂപ നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്.കൂടുതൽ സംഖ്യക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതും തത്സമയം ലേലം കൊണ്ടയാൾ ലേല സംഖ്യ GST അടക്കം പഞ്ചായത്തിൽ അടച്ചിരിക്കേണ്ടതുമാണ്.ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ മാറ്റി വെയ്ക്കുന്നതിനോ ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും.ലേലം സർക്കാർ നിബന്ധനകൾക്ക് വിധേയമായിരിക്കും.ലേല ദിവസം ഏതെങ്കിലും കാരണത്താൽ പൊതു അവധി ആയാൽ ടി ലേലം തൊട്ടടുത്ത ദിവസം അതേ സമയത്ത് അതേ സ്ഥലത്ത് വെച്ച് നടത്തപ്പെടുന്നതായിരിക്കും.കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ ടി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാൽ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം എത്രയും വേഗം മണ്ണ് കൊണ്ടുപോകേണ്ടതാണ്.പൊതുമരാമത്ത് വകുപ്പിലെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്.മണ്ണ് നീക്കം ചെയ്യുന്നതിൻറെ ഭാഗമായി സർക്കാരിലേക്ക് അടവാക്കേണ്ട തുകകള് ട്രാൻസിറ്റ് പാസ് എടുക്കേണ്ടതുമായി ബന്ധപ്പെട്ട തുകകൾ എന്നിവയെല്ലാം ലേലം കൊള്ളുന്ന വ്യക്തി വഹിക്കേണ്ടതാണ്.

Document certified by Maimoonath K M
<maimoonathkm@gmail.com>.

Digitally signed by Maimoonath K M
Date: 2026.06.06 12:10:31 IST
Reason: KSMART